(സി) നിലവിലുള്ള പി.എസ്.സി റാങ്ക്‌ലിസ്റ്റിൽ നിന്ന് നിയമനം നടത്തിയതിന് ശേഷവും കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ടോ ;

(ഡി) ഒഴിവുള്ള കോൺസ്റ്റബിൾമാരുടെ തസ്തികയിലേക്ക് പി.എസ്.സി. സപ്ലിമെന്ററി ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കാറുണ്ടോ ;

(ഇ) ഇപ്രകാരം പി.എസ്.സി. സപ്ലിമെന്ററി റാങ്കുലിസ്റ്റിൽ നിന്ന് തിരുവനന്തപുരം ജില്ലയിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ; ഇനി എത്രപേർക്ക് നിയമനം നൽകുമെന്നും അറിയിക്കുമോ ;

ഉത്തരം

(എ) കെ.എ.പി. 1, കെ.എ.പി.3, കെ. എ.പി.4, കെ.എ.പി.5. എന്നീ ബറ്റാലിയനിലേയ്ക്കുള്ള റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

റെയ്ഡിലൂടെ പിടിച്ചെടുക്കുന്ന സ്പിരിറ്റ് പോലീസിന്റെ സഹായത്തോടെ വില്പന നടത്തിയ സംഭവം

61 (3251)പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനാതിർത്തിയിലെ പോലീസ് സ്റ്റേഷനുകളിൽ റെയ്ഡിലൂടെ പിടിച്ചെടുക്കുന്ന സ്പിരിറ്റ് പോലീസിന്റെ സഹായത്തോടെ മറിച്ച് വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ നടന്നിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങൾക്ക് കൂട്ടു നിന്നതിന്റെ പേരിൽ എത്ര പോലീസ്, ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; അവർ ആരെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരത്തിലുള്ള ഒരു സംഭവം പാറശ്ശാല പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നടന്നതായി 29-2-2000 ത്തിലെ ഒരു പത്രത്തിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി ; വിശദാംശം വെളിപ്പെടുത്താമോ ;

(എഫ്) ഈ സംഭവത്തിന് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല

(ബി & സി) ഉദിക്കുന്നില്ല.

(ഡി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ & എഫ്) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്.

ശ്രീമതി ലളിതയുടെ വീട് അടിച്ചു തകർത്ത സംഭവം

62 (3252) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം കടച്ചൽക്കുഴി ചരുവിള വീട്ടിൽ ശ്രീമതി ലളിതയുടെ വീട് അടിച്ചു തകർത്തത് എസ്.എ.പി. ക്യമ്പിലെ ഒരു കോൺസ്റ്റബിളിന്റെ നേതൃത്വത്തിലാണോ ;

(ബി) എങ്കിൽ പ്രസ്തുത പോലീസുകാരന്റെ പേര് എന്താണെന്ന് വെളിപ്പെടുത്താമോ ; നെയ്യാറ്റിൻകര സർക്കിൾ ഇൻസ്പെക്ടറുടെ കീഴിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഇയ്യാൾക്കെതിരെ മറ്റുകേസുകൾ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം കേസുകളാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ പോലീസുകാരനെതിരെ ഡിപ്പാർട്ടുമെന്റിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ;

(ഡി) ഈ കേസിലെ മറ്റു പ്രതികൾ ആരൊക്കെയാണെന്നും ഏതെല്ലാം വകുപ്പുപ്രകാരമാണ് ഇവരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) എസ്.എ.പി. ഹവിൽദാർ 6058 മോഹൻദാസാണ് പോലീസുകാരൻ. ടിയാനെതിരെ നെയ്യാറ്റിൻകര സി.ഐ.യുടെ കീഴിലുള്ള മറ്റ് സ്റ്റേഷനുകളിൽ കേസുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ ടിയാന്റെ പേരിൽ ചരുവിള വീട്ടിൽ ലക്ഷ്മിക്കുട്ടിയുടെ മകൻ സരസ്വതിയുടെ വീട് ആക്രമിച്ചതിന്റെ പേരിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ ക്രൈം 79/99 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് ഒരു സ്പെഷ്യൽ റിപ്പോർട്ട് ജില്ലാ പോലീസ് സൂപ്രണ്ട് എസ്.എ.പി. കമൻഡാന്റിന് അയച്ചതിൽപ്രകാരം ടിയാനെ 23-3-2000 മുതൽ സസ്പെന്റ് ചെയ്തിട്ടുള്ളതും ഓറൽ എൻക്വയറിയ്ക്ക് ഉത്തവായിട്ടുള്ളതുമാണ്.

(ഡി) ഈ കേസിലെ മറ്റു പ്രതികൾ (1) ജി. ജി. ഉണ്ണി (2) ബിജു, (3) മണിയൻ എന്നിവരാണ്. ബാലരാമപുരം സ്റ്റേഷനിൽ ക്രൈം 219/99 യു/എസ് 458, 324, 427, 34 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly